Reg. No. : ..................................

Name : ........................................

**SY 648**

# SECOND YEAR HIGHER SECONDARY MODEL EXAMINATION, FEBRUARY 2025

## Part – III

## BUSINESS STUDIES WITH FM

**Maximum : 80 Scores**

Time : 2½ Hours

Cool-off Time : 15 Minutes

---

***General Instructions to Candidates :***

- *There is a 'Cool off time' of 15 minutes in addition to the writing time.*
- *Use 'cool off time' to get familiar with questions and to plan your answers.*
- *Read questions carefully before answering.*
- *Malayalam version of the questions is also provided.*
- *Give equations wherever necessary.*

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിട്ട് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.

Score

**I. താഴെ കൊടുത്ത 1 മുതൽ 10 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ചോദ്യത്തിനും 1 സ്കോർ വീതം.** **(8×1=8)**

1) താഴെ കൊടുത്തവയിൽ ഏതാണ് 'മാനേജ്മെന്റിന്റെ സത്ത' എന്ന പേരിൽ അറിയപ്പെടുന്നത് ?

a) സംഘാടനം

b) മാർഗ്ഗനിർദ്ദേശം

c) ഏകോപനം

d) ആസൂത്രണം

2) താഴെ പറയുന്നവയിൽ വേറിട്ട് നിൽക്കുന്നത് കണ്ടെത്തുക.

a) സങ്കൽപ്പങ്ങൾ വികസിപ്പിക്കുക

b) ബദലുകൾ വിലയിരുത്തുക

c) ലക്ഷ്യം നിർണ്ണയിക്കുക

d) മാനസിക വ്യാപാരം

3) 'അവസാന ഫലപ്രാപ്തിക്ക് കടപ്പെട്ടവനായിരിക്കുക' എന്നത് സൂചിപ്പിക്കുന്ന പദം ഏത് ?

a) അധികാരം

b) പ്രതിബദ്ധത

c) അധികാരം ഏൽപ്പിക്കൽ

d) ഉത്തരവിദിത്വം

4) താഴെ കൊടുത്ത പ്രസ്താവന വായിക്കുക.
'ഇത്തരം പരിശീലന രീതയിൽ യഥാർത്ഥ ജോലി പരിസ്ഥിതി ഒരു ക്ലാസ്സ് മുറിയിൽ സൃഷ്ടിക്കുകയും അതേ ഉപകരണങ്ങൾ ജീവനക്കാർ ഉപയോഗിക്കുകയും ചെയ്യുന്നു' സൂചിപ്പിച്ച പരിശീലന രീതി കണ്ടുപിടിക്കുക.

a) പ്രോഗ്രാംഡ് നിർദ്ദേശങ്ങൾ

b) ക്ലാസ്സ് മുറി വിവരണം

c) വെസ്റ്റിബ്യൂൾ പരിശീലനം

d) കംപ്യൂട്ടർ മോഡലിംഗ്

Score

5) ലോകത്തിലെ വിവിധങ്ങളായ സമ്പദ് വ്യവസ്ഥകളുടെ ഏകീകരണത്തിലൂടെ ഒരു ലോക സമ്പത്വ്യവസ്ഥ ആവിർഭവിക്കുന്ന സംവിധാനം അറിയപ്പെട്ടത് __________ എന്ന പേരിലാണ്.

6) താഴെ പറയുന്നവയിൽ ഏതാണ് മാർഗ്ഗ നിർദ്ദേശത്തിന്റെ തത്വങ്ങളിൽ പെടാത്തത് ?

a) ലക്ഷ്യങ്ങളിലെ ഐക്യം

b) പിൻതുടരൽ

c) മാനേജിരിയൽ ആശയ വിനിമയം

d) അച്ചടക്കം

7) മാനേജ്മെന്റിന്റെ പരസ്പരം വേർതിരിക്കാനാവാത്ത ഇരട്ട കർത്തവ്യങ്ങളാണ് ആസൂത്രണവും _________ ഉം.

8) വിട്ട ഭാഗം പൂരിപ്പിക്കുക.

അറ്റ പ്രവർത്തന മൂലധനം = ______ – ഹ്രസ്വകാല ബാധ്യത.

9) നിയമപരിരക്ഷയുള്ള ബ്രാന്റിനെയോ ബ്രാന്റിന്റെ ഭാഗത്തെയോ വിളിക്കുന്നത് ________ എന്നാണ്.

a) ട്രേഡ് മാർക്ക്

b) ലേബൽ

c) ബ്രാൻഡ് നെയിം

d) ബ്രാൻഡ് മാർക്ക്

10) വിപണന മിശ്രിതവുമായി ബന്ധപ്പെട്ട് വൃത്തം പൂർത്തിയാക്കുക.



Score

II. 11 മുതൽ 16 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം. (5×2=10)

11) അരുൺ അസ്സോസിയേറ്റ്സ് ക്ലിപ്തം എന്ന കമ്പിനിയിലെ മാനേജിംഗ് ഡയക്ടറാണ് ശ്രീ അരുൺ. അദ്ദേഹം ചെയ്യേണ്ട ഏതെങ്കിലും രണ്ട് പ്രധാന കർത്തവ്യങ്ങൾ ചൂണ്ടിക്കാണിക്കുക.

12) F. W. Taylor ന്റെ ശാസ്ത്രീയ മാനേജ് മെന്റിന്റെ ഏതെങ്കിലും രണ്ട് തത്വങ്ങളുടെ പേരെഴുതുക.

13) ചിത്രം പൂർത്തിയാക്കുക.




14) ഉപഭോക്തൃ സംരക്ഷണ നിയമ പ്രകാരം ഉപഭോക്താവിന്റെ ഏതെങ്കിലും നാല് അവകാശങ്ങൾ പട്ടികപ്പെടുത്തുക.

15) പാക്കേജിംഗിന്റെ ഏതെങ്കിലും 4 ധർമ്മങ്ങൾ എഴുതുക.

16) തന്നിട്ടുള്ള സൂചനയ്ക്കനുസരിച്ച് പൂർത്തിയാക്കുക.

നയം – മാനേജർമാരുടെ ചിന്തയെ നയിക്കുന്ന പൊതു പ്രസ്താവനകൾ.

നിയമം – ?

രീതി – ?

Score

III. 17 മുതൽ 22 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ചോദ്യത്തിനും 3 സ്കോർ വീതം. (5×3=15)

17) ഫംഗ്ഷണൽ ഫോർമാൻഷിപ്പിന്റെ ഒരു ചിത്രം തയ്യാറാക്കുക.

18) താഴെ പറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അധികാരം ഏൽപ്പിക്കലിനെയും അധികാര വികേന്ദ്രീകരണത്തെയും താരതമ്യം ചെയ്യുക.

a) പ്രവർത്തന സ്വാതന്ത്ര്യം b) ഉദ്ദേശ്യം.

19) തെരഞ്ഞെടുപ്പ് പ്രക്രിയയിലെ ഏതെങ്കിലും 6 ഘട്ടങ്ങൾ എഴുതുക.

20) 'അധികാരത്തിന്റെ ഉപയോഗമനുസരിച്ച് മൂന്ന് വിധത്തിലുള്ള നേതൃത്വങ്ങളുണ്ട്.'

a) ഈ നേതൃശൈലികൾ ഏതെല്ലാം ?

b) ഓരോന്നിന്റേയും ഒരു സവിശേഷത വീതം എഴുതുക.

21) സാമ്പത്തിക ധർമ്മത്തെക്കുറിച്ച് ഒരു ചെറുകുറിപ്പ് തയ്യാറാക്കുക.

22) ഉപഭോക്തൃ സംരക്ഷണ നിയമപ്രകാരം പ്രവർത്തിക്കുന്ന ത്രിതല തർക്കപരിഹാര ഫോറങ്ങൾ ഏതെല്ലാം ?

IV. 23 മുതൽ 27 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ചോദ്യത്തിനും 4 സ്കോർ വീതം. (4×4=16)

23) താഴെ പറയുന്ന മാനേജ്മെന്റ് തത്വങ്ങൾ ചുരുക്കി വിശദമാക്കുക.

a) ഏകീകൃത ഉത്തരവ്

b) ഐകമത്യം മഹാബലം

c) അധികാര ശ്രേണി

d) ക്രമം

24) വ്യാപാര പരിസ്ഥിതിയുടെ ഏതെങ്കിലും നാല് വശങ്ങൾ കണ്ടെത്തി ഓരോ ഉദാഹരണം വീതം നൽകുക.

25) നിയന്ത്രണ പ്രക്രിയയിലെ ആദ്യ നാല് ഘട്ടങ്ങൾ വിശദീകരിക്കുക.

Score

26) മൂലധന ബഡ്ജറ്റിംഗ് തീരുമാനം എന്തുകൊണ്ടാണ് ഒരു സ്ഥാപനത്തെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ടതാകുന്നത് ?

27) കോളം 'B' യിൽ കൊടുത്തവയിൽ നിന്നും ഏറ്റവും അനുയോജ്യമായത് കണ്ടെത്തി ചേരുംപടി ചേർക്കുക.

| കോളം A | കോളം B |
| --- | --- |
| a) പരസ്യം | a) നേരിട്ടുള്ള പ്രതികരണം |
| b) വിൽപ്പന സംവർധനം | b) വിൽപ്പനക്കാരെ പ്രചോദിപ്പിക്കുന്നു |
| c) വിൽപ്പന നൈപുണി | c) അനേകം പേരിലേക്കെത്തുന്നു |
| d) പബ്ലിക് റിലേഷൻസ് | d) ശ്രദ്ധാമൂല്യം |

**V. 28 മുതൽ 31 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ചോദ്യത്തിനും 5 സ്കോർ വീതം.** **(3×5=15)**

28) മാനേജ്മെന്റിന്റെ ഏതെങ്കിലും 5 സവിശേഷതകൾ വിശദമാക്കുക.

29) 'ആസൂത്രണം പരിമിതികളിൽ നിന്നും വിമുക്തമല്ല'. അത്തരം അഞ്ച് പരിമിതികൾ കണ്ടെത്തി വിശദീകരിക്കുക.

30) ഒരു ഔപചാരിക സംഘടനയും അനൗപചാരിക സംഘടനയും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം ?

31) ഉടമസ്ഥരുടെ ഫണ്ടും വായ്പാഫണ്ടും ചേർന്ന മിക്സിനെ സൂചിപ്പിക്കുന്ന സാങ്കേതിക പദം എന്താണ് ? കമ്പനിയിൽ ആ തീരുമാനത്തെ സ്വാധീനിക്കുന്ന ഏതെങ്കിലും 8 കാര്യങ്ങൾ പട്ടികപ്പെടുത്തുക.

**VI. 32 മുതൽ 34 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ചോദ്യത്തിനും 8 സ്കോർ വീതം.** **(2×8=16)**

32) 'ഭാവിയിലെ ജീവനക്കാർക്ക് വേണ്ടി അന്വേഷണം നടത്തുകയും അവരെ ജോലിക്കപേക്ഷിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന പ്രക്രിയയാണിത്.'
   a) മുകളിൽ സൂചിപ്പിച്ച ആശയം തിരിച്ചറിയുക.
   b) ഇതിന്റെ ഏതെങ്കിലും രണ്ട് ആഭ്യന്തര ഉറവിടങ്ങളും അഞ്ച് ബാഹ്യ ഉറവിടങ്ങളും ചുരുക്കി വിവരിക്കുക.

33) വ്യക്തിഗതമായ ഉദാഹരണത്തിന്റെയും സംഘടനാപരമായ ഉദാഹരണത്തിന്റെയും സഹായത്തോടെ മാസ്‌ലോവിന്റെ ആവശ്യശ്രേണി സിദ്ധാന്തം വിശദമാക്കുക.

34) മാർക്കറ്റിംഗിന്റെ ഏതെങ്കിലും എട്ട് ധർമ്മങ്ങൾ വിശദമാക്കുക.